**M. S. JAYA IAS**
**DIRECTOR OF PUBLIC INSTRUCTION &**
**COMMISSIONER FOR GOVT. EXAMINATIONS**

**JAGATHY, THIRUVANANTHAPURAM**
**KERALA-695 014**

Phone: Office : 0471-2325106
0471-2324601
Extn : 522
Fax : 0471-2324605

E-mail : dpisecretsection@gmail.com

നം.എസ്.എസ്.2/2015/ഡി.പി.ഐ

തീയതി : 30.09.2015

സർ,

വിദ്യാഭ്യാസരംഗത്ത് ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. ഈ കഴിഞ്ഞ എസ്.എസ്.എൽ.സി പരീക്ഷയിൽ 99.23 ശതമാനം വിദ്യാർത്ഥികളെ വിജയിപ്പിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. കലാ-കായിക-പ്രവൃത്തി-പരിചയ മേളകളിലും നമ്മുടെ വിദ്യാർത്ഥികൾ കഴിവ് തെളിയിച്ചുകൊണ്ടിരിക്കുന്നു. പൊതുവിദ്യാഭ്യാസവകുപ്പിന്റെ നേതൃത്വത്തിൽ പ്രഥമാധ്യാപകരും അധ്യാപകരും രക്ഷകർത്താക്കളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളും ഒരുമയോടുകൂടി പ്രവർത്തിക്കുന്നതുകൊണ്ടാണ് ഇതൊക്കെ സാധ്യമാക്കാൻ നമുക്ക് കഴിയുന്നത്. എങ്കിലും ചില വിദ്യാർത്ഥികളെങ്കിലും അക്ഷരങ്ങൾ കൂട്ടിവായിക്കാൻ അറിയാതെ ഗണിതത്തിലെ പ്രാഥമിക കാര്യങ്ങൾപോലും ഗ്രഹിക്കാതെ ക്ലാസ്മുറികളിൽ കഴിയുന്നു. ഈ അവസ്ഥാ വിശേഷം മാറ്റിയെടുക്കാനുള്ള പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കേണ്ടതുണ്ട്. ഓരോ ക്ലാസ്സിലെയും കുട്ടികളുടെ അവസ്ഥ മനസ്സിലാക്കി പരിഹാര പ്രവർത്തനങ്ങൾ അടിയന്തിരമായി നടപ്പിലാക്കാൻ ശ്രമിക്കേണ്ടതുണ്ട്. ഒരു പ്രവർത്തന കലണ്ടർ തയാറാക്കി ക്ലാസിലെ മുഴുവൻ കുട്ടികളെയും അക്ഷരജ്ഞാനവും അക്കജ്ഞാനവും ബോധ്യമാക്കാൻ ഓരോ അധ്യാപകനും ശ്രമിക്കുമല്ലോ. ആദ്യഘട്ടമെന്ന നിലയിൽ നവംബർ ഒന്നിനുമുമ്പ് 1, 2 സ്റ്റാൻഡേർഡുകളിലെ മുഴുവൻ കുട്ടികളും അക്ഷരജ്ഞാനം (അതായത് എഴുതാനും വായിക്കാനുമുള്ള കഴിവ്) നേടിയെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇക്കാര്യം മേൽ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന അധ്യാപകരുടെ രേഖാമൂലമുള്ള ഉറപ്പിന്റെ അടിസ്ഥാനത്തിൽ അതാത് പ്രഥമാധ്യാപകർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖേന വിദ്യാഭ്യാസ ഉപഡയറക്ടർമാരെ നവംബർ 5-ാം തീയതിക്കകം അറിയിക്കുകയും, വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഇതു ശേഖരിച്ച് നവംബർ 10-ാം തീയതിക്കകം പൊതുവിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കേണ്ടതുമാണ്. നവംബർ 14-ാം തീയതി ഇക്കാര്യം സംസ്ഥാന വ്യാപകമായി പ്രഖ്യാപിക്കുവാൻ തക്കവണ്ണം വിദ്യാഭ്യാസ ഉപഡയറക്ടർ/പ്രഥമാധ്യാപകർ/ അധ്യാപകർ നടപടി സ്വീകരിക്കുവാൻ താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

MS Jaya

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

പകർപ്പ് :- എല്ലാ പ്രഥമാധ്യാപകർക്കും (എ.ഇ.ഒ. മുഖേന)

ghs muttom blog